# സാമൂഹിക പ്രത്യാഘാത പഠനം

## ഓട്ടോഫീസ് കടവ് പാലത്തിന്റെ
## അനുബന്ധ റോഡ് നിർമ്മാണം

നെടുംമ്പ്രം വില്ലേജ്, തിരുവല്ല താലൂക്ക്, പത്തനംതിട്ട

**23.76 ആർ**

കരട് റിപ്പോർട്ട്

റിക്വസിഷൻ അധികാരി
പൊതുമരാമത്തു വകുപ്പ്


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.com


KERALA VHS 26/8/20 MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# ഉള്ളടക്കം


അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഗസറ്റ് നോട്ടിഫിക്കേഷൻ


KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിൽ നെടുമ്പ്രം വില്ലേജിൽ പൊടിയാടി-കലിങ്കൽ കരകളെ ബന്ധിപ്പിച്ചുകൊണ്ട് ഓട്ടോഫീസ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അപ്രോച്ച് റോഡിന്റെ വീതി കൂട്ടൽ സാധിച്ചിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട തിരുവല്ല എം.എൽ.എ ശ്രീ.മാത്യു.റ്റി.തോമസിന്റെ ആസ്തി വികസന ഫണ്ടിന്റെയും, സർക്കാർ സഹായത്തിന്റെയും അടിസ്ഥാനത്തിൽ അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ ഗവൺമെന്റിന്റെ ഭരണാനുമതി ലഭ്യമാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ചെയ്തു. പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തി. തുടർന്ന് നടന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടാണ് ഇവിടെ സമർപ്പിക്കുന്നത്.

### പദ്ധതിയുടെ പ്രസക്തി, പൊതു താൽപര്യം

''ഓട്ടോഫീസ്'' പാലത്തിന്റെ നിർമ്മാണത്തിലൂടെ പൂർത്തീകരിച്ചത് പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം പഞ്ചായത്തിലെ കലിങ്കൽകര വാസികളുടെ അനേകം ദശാബ്ദം പഴക്കമുള്ള ആവശ്യത്തിന്റെ പൂർത്തീകരണമാണ് ഈ പദ്ധതിയോടെ കല്ലിങ്കൽ നിവാസികൾക്ക് തിരുവല്ല പട്ടണത്തിൽ എത്താനുള്ള ദൂരം ഉദ്ദേശം 2 കിലോമീറ്റർ കുറയുകയുണ്ടായി. കൂടാതെ പരമ്പരാഗത പുരാതന തീർത്ഥാടന പാതയായിരുന്ന ഹരിപ്പാട്- തിരുമൂലപുരം പാത വാഹന ഗതാഗത യോഗ്യമാവുകയും ചെയ്തു. കലിങ്കൽ നിവാസികൾക്ക് പൊടിയാടി ജംഗ്ഷനിൽ എത്താനുള്ള ദൂരം വളരെ കുറയുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ, ഗവൺമെന്റ് ഓഫീസുകൾ എന്നിവയിലേക്ക് എത്തപ്പെടാനുള്ള സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ അനുബന്ധ റോഡിന്റെ വീതിക്കുറവ് പാലത്തിന്റെ പ്രയോജനം പൂർണ്ണമായി ലഭ്യമാക്കുന്നതിന് ഒരു വിഘാതമായി അവശേഷിക്കുകയാണ്. ഈ പ്രശ്നത്തിനുള്ള ശാശ്വത പരിഹാരമായി ആണ് ഓട്ടോഫീസ് പാലത്തിന്റെ അനുബന്ധ റോഡ് വീതികൂട്ടൽ പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിരിക്കുന്നത്. അതുകൊണ്ട് തന്നെ വലിയ മുതൽ മുടക്കിൽ നിർമ്മിച്ച, ഭാവിയിൽ പ്രാദേശിക വികസനത്തിന് നിർണ്ണായകമായ ഓട്ടോഫീസ് പാലത്തിന്റെ ഉപയോഗ ശേഷി വർദ്ധിപ്പിക്കുന്ന അനുബന്ധ റോഡ് വീതികൂട്ടൽ പദ്ധതി പൊതുതാൽപര്യ പദ്ധതിയായി സർക്കാരും, നടപ്പാക്കൽ ഏജൻസിയും കണക്കാക്കുന്നത്.

### നെടുമ്പ്രം ഗ്രാമ പഞ്ചായത്ത്

പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിൽപ്പെടുന്ന നെടുമ്പ്രം ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. മണിമലയാറിന്റെ തീരപ്രദേശത്ത് ഫലഭൂവിഷ്ടമായ കൃഷിനിലങ്ങളും ഇടതോടുകളും നിറഞ്ഞ പ്രദേശം നല്ല ജനസാന്ദ്രതയുള്ള സംസ്ഥാനത്തെ ഗ്രാമങ്ങളിൽ ഒന്നാണ്. ജലഗതാഗതത്തിന് ഉപരിതല ഗതാഗതത്തേക്കാൾ പ്രാധാന്യം ഉണ്ടായിരുന്ന കാലത്ത് പ്രൗഢമായിരുന്ന ഒരു ജനവാസ മേഖലയാണ് നെടുമ്പ്രം. എന്നാൽ ഉപരിതല

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

ഗതാഗതത്തിന്റെ പ്രാധാന്യം വർദ്ധിച്ചതോടെ വികസനം പ്രാപിച്ച വാണിജ്യ-വ്യവസായ കേന്ദ്രങ്ങൾ ഉത്തരോത്തരം പുരോഗതി കൈവരിച്ചപ്പോൾ, ഈ വാണിജ്യ- വ്യവസായ കേന്ദ്രങ്ങളുമായി ബന്ധം പുലർത്താൻ ആറുകളും തോടുകളും തടസ്സം സൃഷ്ടിച്ച പ്രദേശങ്ങൾ കാലക്രമത്തിൽ വികസന പിന്നോക്കാവസ്ഥയിലായി. ഇപ്രകാരം വികസന പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഗ്രാമങ്ങളിലൊന്നാണ് നെടുമ്പ്രം. ഈ വികസന മുരടിപ്പിന് ശാശ്വത പരിഹാരമായി ആണ് ഓട്ടോഫീസ് പാലവും അനുബന്ധ റോഡും കണക്കാക്കപ്പെടുന്നത്. ജില്ലയിലെ പ്രധാന വാണിജ്യ-വ്യവസായ കേന്ദ്രമായ തിരുവല്ലയുടെയും, പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ ചക്കുളത്ത്കാവ്, എടത്വ, പരുമല, തിരുമൂലപുരം, തിരുവല്ല എന്നിവയുടെയും സാമീപ്യം നെടുമ്പ്രം പഞ്ചായത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

**1.2. പദ്ധതി പ്രദേശം**

നെടുമ്പ്രം പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന പൊടിയാടിജംഗ്ഷൻ തിരുവല്ല താലൂക്കിലെ ഒരു പ്രധാന വ്യാപാര കേന്ദ്രമാണ്. തിരുവല്ല - മാവേലിക്കര പാതയിൽ നിന്നും എടത്വ, ദേശീയ പാത എന്നിവയിലേക്ക് പോകാൻ പൊടിയാടി ജംഗ്ഷനിൽ നിന്നും ആണ് തിരിയുന്നത്. കൂടാതെ ചക്കുളത്ത് കാവ്, എടത്വ പള്ളി, പരുമല പള്ളി എന്നീ പ്രധാനപ്പെട്ട സാംസ്കാരിക കേ ന്ദ്രങ്ങളിലേക്ക് പൊടിയാടിയിൽ നിന്നും തുല്യ ദൂരം കണക്കാക്കപ്പെടുന്നു. അതുകൊണ്ട് തന്നെ പൊടിയാടി ജംഗ്ഷൻ വളരെ വേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യാപാര കേന്ദ്രമായി കണക്കാക്കപ്പെടുന്നു. പ്രസ്തുത പൊടിയാടി ജംഗ്ഷനിൽ നിന്നും ഉദ്ദേശം ഒരു കിലോമീറ്റർ ദൂരെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം വളരെ വികസന സാധ്യതയുള്ള സ്ഥലമാണ്. കൂടാതെ മധ്യ തിരുവതാംകൂറിലെ പ്രധാന വ്യാപാര കേന്ദ്രമായ തിരുവല്ല പട്ടണത്തിൽ നിന്നും മൂന്ന് കിലോമീറ്റർ മാത്രമാണ് പദ്ധതി പ്രദേശത്തേക്ക് ഉള്ളത്. “വീതി കൂടിയ അപ്രോച്ച് റോഡ് എന്ന പദ്ധതി” പ്രദേശത്തിന്റെ പ്രാദേശിക വികസനം ഗണ്യമായി വർദ്ധിപ്പിക്കും. അപ്പർ കുട്ടനാടിന്റെ ഭൂപ്രകൃതി നിർവഹിക്കുന്ന പദ്ധതി പ്രദേശം അതുകൊണ്ട് തന്നെ ശക്തമായ മഴയിൽ വെള്ളക്കെട്ട് രൂപപ്പെടുന്ന സ്ഥലമാണ്. വ്യാപക നെൽകൃഷി ഉണ്ടായിരുന്ന പദ്ധതി പ്രദേശത്ത് ഇന്ന് നെൽകൃഷി വളരെ വിരളമാണ്. ഓഴ, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവയാണ് പ്രധാന വിളകൾ. ഒരു കാലത്ത് കരിമ്പ് കൃഷി നടത്തിയിരുന്നു എകിലും ഇന്ന് കരിമ്പ് കൃഷിയിടങ്ങൾ ഒന്നും തന്നെയില്ല. കാർഷിക ഗ്രാമമായിരുന്ന പദ്ധതി പ്രദേശത്തെ ഇപ്പോഴത്തെ മുഖ്യ വരുമാനം വ്യവസായ വാണിജ്യ സർവ്വീസ് മേഖലകളിലെ തൊഴിലുകളാണ്.

**1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും**

**(എ). ഭൂമി ഏറ്റെടുക്കൽ അധികാരി**

ജില്ലാ കളക്ടർ, പത്തനംതിട്ടയ്ക്ക് വേണ്ടി, ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ വിഭാഗം) ത്തിന്റെ മേൽനോട്ടത്തിൽ സ്പെഷ്യൽ തഹസിൽദാർ, പത്തനംതിട്ട ഓഫീസാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിയന്ത്രിക്കുന്നത്. പദ്ധതി പ്രദേശത്ത് 90% പ്രദേശത്തും അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

**(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ**

മുപ്പത്തഞ്ച് ഭൂവുടമസ്ഥരെയാണ് പദ്ധതി നേരിട്ട് ബാധിക്കുന്നത്. ബാധിക്കപ്പെടുന്നവരിൽ 15 കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെയായി കണക്കാക്കപ്പെടുന്നു. 20 കുടുംബങ്ങൾ ഹിന്ദുക്കളും മറ്റുള്ളവർ ക്രിസ്ത്യാനികളുമാണി, തൊഴിൽ വിതരണം സൂചിപ്പിക്കുന്നത് 13



KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

പദ്ധതി ബാധിതർ കൃഷി മുഖ്യ വരുമാനമായി കണക്കാക്കുന്നവരും 12 പേർ കൂലിതൊഴിലാളികളുമാണ്. എല്ലാവരുടെയും മാസ വരുമാനം 15000 രൂപയിൽ താഴെയാണ്. പദ്ധതി ബാധിതരിൽ ആരും തന്നെ നിരക്ഷരരായി കണ്ടെത്തിയിട്ടില്ല.. ഒരു പദ്ധതി ബാധിതനും പൂർണ്ണ ഭൂമി നഷ്ടം ഉണ്ടാവുന്നില്ല. പദ്ധതി ബാധിതർ ആരും തന്നെ പ്രത്യേക പരിഗണന ആവശ്യപ്പെടുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്നില്ല.

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിൽ, നെടുമ്പ്രം വില്ലേജിൽ, പൊടിയാടി, കല്ലിങ്കൽ കരകളെ ബന്ധിപ്പിച്ചുകൊണ്ട് പുതുതായി നിർമ്മിച്ച ഓട്ടോഫീസ് പാലത്തിന്റെ അനുബന്ധ റോഡിന്റെ വീതികൂട്ടുന്നതിനു വേണ്ടി 23.76 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

പദ്ധതി പ്രദേശം പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിൽ ഉൾപ്പെടുന്നു. കേരളത്തിലെതന്നെ ഏറ്റവും വികസിത ആരോഗ്യ - സാമൂഹിക സൂചികകൾ ഉള്ള തിരുവല്ല താലൂക്കിന്റെ വികസനപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശം ആണ് പദ്ധതി പ്രദേശം. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ സൂചകങ്ങളിൽ പദ്ധതി ബാധിതർ വളരെ ഉയർന്ന നിലവാരം പുലർത്തുന്നു. ക്രിസ്ത്യാനികളും, ഹിന്ദുക്കളും ഇടകലർന്ന് കഴിയുന്ന സാമൂഹിക അന്തരീക്ഷം ആണ് പദ്ധതി പ്രദേശത്ത് ഉള്ളത്. മണിമലയാറിന്റെ തീരപ്രദേശം എന്ന നിലയിൽ ഫലഭൂയിഷ്ഠമായ പദ്ധതി പ്രദേശം, കാർഷിക വൃത്തിക്ക് പ്രാധാന്യംനൽകിയിരുന്നു. എന്നാൽ കാർഷിക മേഖലയുടെ തകർച്ച മറ്റ് ജോലികളിലേക്ക് തിരിയാൻ ആളുകളെ നിർബന്ധിച്ചു. കാർഷിക മേഖലയിൽ ജോലി ചെയ്തുകൊണ്ടിരുന്നതും ഇപ്പോൾ മറ്റ് മേഖലകളിൽ ജോലി ചെയ്യുന്നതുമായ തൊഴിലാളികളാണ് പദ്ധതി ബാധിതരിൽ 50%. സാമ്പത്തിക നിലവാരം കുറഞ്ഞ എന്നാൽ സാമൂഹ്യ-ആരോഗ്യ-വിദ്യാഭ്യാസത്തിൽ ഉന്നതിയിൽ നിൽക്കുന്ന 60% പദ്ധതി ബാധിതർ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. പ്രായത്തിന്റെ വിതരണം സൂചിപ്പിക്കുന്നത് 65% പദ്ധതി ബാധിതരും 55 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ് എന്നാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പതിനഞ്ച് കുടുംബങ്ങൾ മാത്രമാണ് പദ്ധതി ബാധിതമായി ഉള്ളത്.

**1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ**

**ബാധകമല്ല**

**1.5. സാമൂഹിക പ്രത്യാഘാതം**

താമസഭവനങ്ങൾ ഒന്നും നഷ്ടപ്പെടുന്നില്ല എങ്കിലും പല ഭവനങ്ങളുടെയും, വീടുകളുടെയും മുൻഭാഗത്തെ മുറ്റം, വീട്ടിലേക്കുള്ള പ്രവേശന മാർഗ്ഗം എന്നിവ ബാധിക്കപ്പെടാൻ സാധ്യതയുണ്ട്. ഓട്ടോഫീസ് പാലത്തിന്റെ സമീപമുള്ള കലിങ്കൽ കോളനിയിലൂടെയാണ് അനുബന്ധ റോഡ് കടന്നുപോകുന്നത്. സാമൂഹ്യ- സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ആളുകൾ താമസിക്കുന്ന പ്രസ്തുത സ്ഥലത്ത് കൂടി റോഡ് കടന്നു പോകുമ്പോൾ ഉണ്ടാവുന്ന ചെറിയ അളവിലുള്ള ഭൂമി നഷ്ടം പോലും, കേവലം അഞ്ച് സെന്റിൽ താമസിക്കുന്ന പദ്ധതി ബാധിതരെ സംബന്ധിച്ച് വലിയ നഷ്ടമായി കണക്കാക്കാവുന്നതാണ്.



KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

കൂടാതെ പാലത്തിന്റെ അനുബന്ധ റോഡ് സംബന്ധമായ രൂപരേഖ പദ്ധതിബാധിതർക്ക് ലഭ്യമാക്കേണ്ടതുണ്ട്. അനുബന്ധ റോഡ് പാലത്തിന്റെ ഉയരത്തിന് അനുസൃതമായി ഉയർത്തപ്പെടുമ്പോൾ ഏതാനും പദ്ധതിബാധിതരുടെ വീടുകൾ റോഡ് നിരപ്പിൽ നിന്നും താഴെയാകാൻ സാധ്യതയുണ്ട്. ഇപ്രകാരം സംഭവിച്ചാൽ വെള്ളപ്പൊക്ക സമയത്ത് വീടിനോട് ചേർന്ന് വലിയ വെള്ളക്കെട്ടുകൾ രൂപപ്പെടാൻ സാധ്യതയുണ്ട്. കൂടാതെ പലരുടെയും വീടുകളിലേക്കും കൃഷി സ്ഥലത്തേക്കും ഉള്ള പ്രവേശന റോഡുകൾ അടയപ്പെടാനോ, തടസ്സങ്ങൾ നേരിടാനോ സാധ്യതയുണ്ട്. പദ്ധതി സംബന്ധമായി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു, പദ്ധതി ഉണ്ടാകും എന്ന പ്രതീക്ഷയിൽ മരങ്ങളും മറ്റും വെട്ടിമാറ്റി കാത്തിരിക്കുന്ന പദ്ധതി ബാധിതർക്ക് ഈ വലിയ നടപ്പാക്കൽ താമസം, പല രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. സമയ ബന്ധിതമായ പദ്ധതിയുടെ പൂർത്തീകരണം എല്ലാ പദ്ധതി ബാധിതരും ആഗ്രഹിക്കുന്നു. ദീർഘമായ നിർവ്വഹണ താമസം പലരേയും അസ്വസ്ഥരാക്കിയിട്ടുണ്ട്.

ഏതാനും തരിശുകിടക്കുന്ന കൃഷിഭൂമികളുടെ പാർശ്വങ്ങൾ പദ്ധതിബാധിതമാണ്. എന്നാൽ അവ ഒന്നും കൃഷിഭൂമിയുടെ അളവിനേയോ, കാർഷിക ഉൽപ്പാദനത്തെയോ ബാധിക്കുന്നതല്ല.

അപ്പർകുട്ടനാട് എന്ന് അറിയപ്പെടുന്ന പദ്ധതിപ്രദേശത്ത് കൃഷിക്കും, മഴവെള്ളം ഒഴുകുന്നതിനും വേണ്ടി കൈത്തോടുകളും കനാലുകളും, ചാലുകളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി ഈ നീർച്ചാലുകളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ ഉള്ള സാധ്യതകൾ ഇല്ലാതാവേണ്ടതുണ്ട്. പദ്ധതി രൂപരേഖയിൽ അനുബന്ധറോഡിന്റെ രണ്ട് വശങ്ങളിലേക്കും ഉള്ള ജല ഒഴുക്ക് തടസ്സപ്പെടാത്തവണ്ണം കലുങ്കുകൾ, കൾവേട്ടറുകൾ എന്നിവ പ്രാദേശിക അറിവുകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തണം.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 4 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്തം<br>പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 5 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, |



KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

| | | | |
|---|---|---|---|
| | | നിയന്ത്രണവും | സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 6 | വെള്ളക്കെട്ട് ഉണ്ടാകാനുള്ള സാധ്യത | നിയന്ത്രണം | പദ്ധതി നിർവ്വഹണ സമയത്ത് പ്രത്യേക പരിഗണന നൽകുക. |
| 7 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 8 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

താമസ്സഭവനങ്ങളുടെ നഷ്ടം ഉണ്ടാവുന്നില്ല എന്നുള്ളതുകൊണ്ടും പദ്ധതിമൂലം പ്രദേശവാസികൾക്ക് ഉണ്ടാകാവുന്ന ഗതാഗതസൗകര്യ വർദ്ധന പരിഗണിക്കുമ്പോഴും പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതത്തെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. എന്നാൽ പദ്ധതി ബാധിതരിൽ നാൽപ്പത് ശതമാനംപേർ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ആണ് എന്നുള്ളതും, പല താമസഭവനങ്ങളുടെയും പ്രവേശനമാർഗ്ഗമോ, മുൻഭാഗ മുറ്റമോ പദ്ധതിയിൽ ബാധിക്കപ്പെടുന്നു എന്നുള്ളതും പ്രത്യാഘാത ലഘൂകരണത്തിൽ പദ്ധതി നടപ്പാക്കുമ്പോൾ പ്രത്യേക കരുതൽ നൽകണം എന്ന കാര്യം സൂചിപ്പിക്കുന്നു. മണിമലയാറിന്റെ തീരപ്രദേശം ആയതിനാലും, കൃഷിഭൂമി പരിവർത്തനം വരുത്തി താമസ ഭൂമി ആക്കിയ പ്രദേശങ്ങൾ എന്നുള്ള നിലയ്ക്കും, വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്ന പ്രദേശമാണ് പദ്ധതി പ്രദേശം. അതുകൊണ്ട് തന്നെ ഓട്ടോഫീസ് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണത്തിൽ ഇരുവശങ്ങളിലേക്കുമുള്ള ജല നിർഗ്ഗമന സാധ്യതകൾ മനസ്സിലാക്കി രൂപകൽപ്പന നടത്തേണ്ടതുണ്ട്. ആയതിന് തദ്ദേശീയരായ ആളുകളുടെയും, പദ്ധതി ബാധിതരുടെയും അനുഭവജ്ഞാനം ഉപയോഗപ്പെടുത്താവുന്നതാണ്. പദ്ധതി ബാധിതരിൽ 30% റോഡിനോട് ചേർന്ന് അധിവസിക്കുന്നവരാണ്. അതുകൊണ്ട് പദ്ധതി റോഡിന്റെ ഉയരം, സ്വഭാവം എന്നിവ അവരുടെ താമസ ഭവനത്തിലേക്കുള്ള പ്രവേശനം, വെള്ളപ്പൊക്ക എന്നിവയെ സ്വാധീനിക്കാം. അതുകൊണ്ട് പദ്ധതി രൂപരേഖ മുൻകൂട്ടി പദ്ധതിബാധിതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും, പ്രത്യാഘാത ലഘൂകരണത്തിൽ സ്വയമായ മുന്നൊരുക്കങ്ങൾ നടത്താൻ പദ്ധതി ബാധിതരെ സഹായിക്കും.

വളരെക്കാലമായി മുടങ്ങികിടക്കുന്ന പദ്ധതി എന്നുള്ള നിലയിൽ, പദ്ധതി ബാധിതർ പദ്ധതി സംബന്ധമായി സന്ദേഹത്തിലാണ്. സമയബന്ധിത ഭൂമി ഏറ്റെടുക്കലും, നഷ്ടപരിഹാര വിതരണവും, പദ്ധതി നടപ്പാക്കലും മാത്രമാണ് പദ്ധതിയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ. അതുകൊണ്ട് തന്നെ തുടർനടപടികൾ ത്വരിതപ്പെടുത്തുകയും പദ്ധതി പുരോഗതി തുടർച്ചയായി പദ്ധതി ബാധിതരെ അറിയിക്കുകയും ചെയ്യുന്നത്, പദ്ധതി നിർവ്വഹണം സംബന്ധമായ പദ്ധതി ബാധിതരുടെ ആശങ്ക അകറ്റാൻ സഹായിക്കും.

പദ്ധതി ഓട്ടോഫീസ് പാലത്തിന്റെ അനുബന്ധ റോഡായതിനാൽ പാലത്തിന്റെ ഉയരത്തിന് അനുസൃതമായി റോഡ് ഉയരാൻ സാധ്യത ഉണ്ട്. ഇപ്രകാരം ഉയരുമ്പോൾ സമീപസ്ഥമായ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

കൃഷിയിടങ്ങളിലേക്ക് യന്ത്രങ്ങൾ ഇറക്കുന്നതിനും പദ്ധതിയുടെ ഇരുവശങ്ങളിലുമുള്ള ഭവനങ്ങളിലേക്ക് വാഹനം എത്തിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ പദ്ധതി രൂപരേഖയിൽ ഉണ്ടാവേണ്ടത് പ്രത്യാഘാത ലഘൂകരണത്തിന് അത്യാവശ്യമാണ്.

പദ്ധതി പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്ക് ഉപകാരമാവും വിധം ജല നിർഗ്ഗമനം, ഗതാഗത സൗകര്യം എന്നിവ പദ്ധതിയോട് അനുബന്ധമായി രൂപപ്പെടുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ നേതൃത്വം, ജന പ്രതിനിധികൾ എന്നിവരുടെ അഭിപ്രായങ്ങൾ ഇക്കാര്യത്തിൽ സ്വീകരിക്കാൻ പദ്ധതി നിർവ്വഹണ സമയത്ത് സാധ്യതകൾ ഉണ്ടാവുന്നത് പദ്ധതി സംബന്ധമായ പരാതികൾ പരിഹരിക്കാൻ സഹായകരമാണ്.

പദ്ധതി ബാധിതരിൽ 30% സാമൂഹ്യ- സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവരായതിനാലും ഇതിൽ പലർക്കും 5 സെന്റ് മുതൽ 10 സെന്റ് വരെ വസ്തുമാത്രം ആണ് ഉള്ളത് എന്നതിനാലും പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമി കഴിച്ചുള്ള സ്ഥലത്ത് വീട്, കെട്ടിടം എന്നിവ പണിയാനുള്ള അനുവാദം നൽകേണ്ടതും ആയതിന് പഞ്ചായത്ത് റോഡ്, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകുന്നതും, പദ്ധതിയുടെ പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്. ഇപ്രകാരം ഇളവുകൾ നൽകുന്നത് ഓരോ പദ്ധതിബാധിതന്റെയും സാമൂഹ്യ-സാമ്പത്തിക തൽസ്ഥിതി പരിഗണിച്ച് മാത്രം ആവേണ്ടതാണ്.

അതുകൊണ്ട് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(ശശശ) പ്രകാരം പൊതു താൽപ്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്ര മങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

**അനുബന്ധരേഖകൾ**

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഗസറ്റ് നോട്ടിഫിക്കേഷൻ

**സാജു.വി.ഇട്ടി.**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്**

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധരേഖ - 1

## ഓട്ടോഫീസ് കടവ് അപ്രോച്ച് റോഡ് നിർമ്മാണം

## നെടുമ്പ്രം വില്ലേജ്, തിരുവല്ല താലൂക്ക്, പത്തനംതിട്ട ജില്ല

## പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ

| ക്രമ നം. | പേര് | സർവ്വേ നമ്പർ | ഫോൺ നമ്പർ |
|---|---|---|---|
| 1 | ശ്രീനിവാസൻ<br>കുറ്റിപ്പറമ്പിൽ | 407/18 | 7025930481 |
| 2 | രവീന്ദ്രൻ<br>കുറ്റിപ്പറമ്പിൽ | 407/10-2 | |
| 3 | രാജീവ്<br>പാമാട്ടുക്കുഴിയിൽ | 407/10-4 | |
| 4 | വിജയൻ<br>കുന്നുപ്പറമ്പിൽ (കുനംപ്പറമ്പിൽ) | 407/10-3 | 9947519792 |
| 5 | സജി വി.സി.<br>വള്ളോംചിറയിൽ | 407/13 | 9074343496 |
| 6 | സി. പി. ചന്ദ്രൻ - ഓമന<br>പാപ്പനാട്ടൽ | 41/8 | 9645724534 |
| 7 | ഡേവിഡ്<br>പുത്തിരിവായ്ക്കൽ | 446/2 | 8281873248 |
| 8 | സാമോൻ<br>ഇടക്കുന്നിൽ | 445/13 | 9744797315 |
| 9 | കുഞ്ഞമ്മ തോമസ്<br>തടത്തിൽ | 444/9-2 | 9562208482 |
| 10 | വാസന്തി വിനോദ്<br>കറുകപ്പറമ്പിൽ | 444/4-2 | 9048350173 |
| 11 | ജെസ്സി സണ്ണി<br>വള്ളോംചിറയിൽ | 445/1 | - |
| 12 | വിജയമ്മ<br>പാപ്പന്മട്ടിൽ | 444/4 | 9061727085 |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

| | | | |
|---|---|---|---|
| 13 | ഷിജു പീറ്റർ<br>പുത്തിരുപായ്ക്കൻ | 444/3-3 | 7902995920 |
| 14 | വിനോദ്<br>പൊപ്പനാട്ടിൽ | 444/4-3 | 9567100906 |
| 15 | അനിത രാജീവ്<br>ഇടക്കുന്നിൽ | 445/11 | 9656527787 |
| 16 | ഷൈനി<br>പുത്തിരിപാക്കൽ | 444/3-1 | 9562277654 |
| 17 | കെ.എം. വർഗ്ഗീസ്<br>മുരിക്കനാരിൽ | 408/3-2<br>408/3-3 | 9446819497 |
| 18 | രാജപ്പൻ<br>വൈഷ്ണവം | | 9544421013 |
| 19 | പാപ്പൻ അഴകൻ<br>തോട്ടത്തറ | 444/1-2 | 9747817519 |
| 20 | ശിവരാമൻ<br>ഇടക്കുന്നിൽ | 445/14 | 8606892703 |
| 21 | ഈപ്പൻ റ്റി.ജെ.<br>തടത്തിൽ | 445/12 | - |
| 22 | അജിത്ത് | 449/9-1 | - |
| 23 | ജിഷു പീറ്റർ<br>പുത്തിരുപായ്ക്കൽ | 444/3-2 | 9446401076 |
| 24 | | | |
| 25 | സുധാമണി വിജയചന്ദ്രൻ<br>തോട്ടത്തറയിൽ | 444/1-2 | 9497328693 |
| 26 | പുവൻ കുഞ്ഞുകുഞ്ഞ്<br>ഇടക്കുന്നിൽ | 445/15 | 9400993067 |
| 27 | സദാനന്തൻ ലളിള<br>പുപ്പനാട്ടിൽ | 444/5 | |
| 28 | തങ്കപ്പൻ, കമലാക്ഷി<br>ഇടക്കുന്നിൽ, പുത്തൻ വീട്ടിൽ | 445/10 | 8606812237 |
| 29 | രാധാമണി<br>പുത്തിരുപായ്ക്കൽ | 444/7-1-1 | 9496950833 |

KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

| | | | |
|---|---|---|---|
| 30 | രാജമ്മ | | 9916699499 |
| 31 | മാത്യു | | 9745386757 |
| 32 | എം.റ്റി.തോമസ്, വുഡ്ലാൻഡ് എസ്റ്റേറ്റ്, പള്ളിക്കുന്ന് കരയിൽ പീരുമേട്<br>(ക്രഷർ) | 444/9-1 | 9447636999 |
| 33 | ജോസഫ് വർഗ്ഗീസ് (സോമ), പൈനുമൂട്ടിൽ വലിയ പറമ്പിൽ<br>പൊടിയാടി | | 9400933693 |
| 34 | റേയ്ച്ചൽ ജോർജ്ജ്, വേങ്ങൽ, പൊടിയാടി പി.ഒ | | 9446116917 |
| 35 | സെക്രട്ടറി, എസ്.എൻ.ഡി.പി. | | 9847342368 |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 മാർച്ച് 05<br>05th March 2020<br>1195 കുംഭം 21<br>21st Kumbham 1195<br>1941 ഫാൽഗുനം 15<br>15th Phalguna 1941 | നമ്പർ<br>No. | 794 |

ഫോറം നമ്പർ 4

[റൂൾ 11(3) കാണുക]

### വിജ്ഞാപനം

നമ്പർ സി2-12566/16.

*2020 ഫെബ്രുവരി 25.*

കേരള സർക്കാർ 9-12-2015-ലെ 2753-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 4-12-2015-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 649/2015/റ.വ. വിജ്ഞാപന പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013-ലെ കേന്ദ്ര ആക്ട്, 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പത്തനംതിട്ട പൊന്നുംവില സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ നെടുമ്പ്രം വില്ലേജിലെ ഓട്ടോഫീസ്

കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ, ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും;

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (2013-ലെ കേന്ദ്ര ആക്റ്റ് 30) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ, താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ;

ഇപ്പോൾ, തൻമൂലം, ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ കേരള വോളന്ററി ഹെൽത്ത് സർവ്വീസ്, മുള്ളൻകുഴി, കളക്ട്രേറ്റ് പി. ഒ., കോട്ടയം 686 002 എന്ന യൂണിറ്റിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ ഒരു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും 6 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

പട്ടിക

*ജില്ല*—പത്തനംതിട്ട.

*താലൂക്ക്*—തിരുവല്ല. *വില്ലേജ്*—നെടുമ്പ്രം.

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| *ക്രമ നമ്പർ* | *ബ്ലോക്ക് നമ്പർ* | *റീസർവ്വെ നമ്പർ* | *വിവരണം* | *ആകെ വിസ്തീർണ്ണം* |
|---|---|---|---|---|
| 1 | 5 | 407/1, 407/2, 407/3, 407/6, 407/10, 404/13, 407/18, 408/3, 406/5, 445/1, 445/2, 445/3, 445/5, 445/8, 445/9, 445/10, 445/11, 445/12, 445/13, 445/14, 444/2, 444/3, 444/4, 444/7, 444/9, 444/10 | പുരയിടം | 23.76 ആർ |

(ഒപ്പ്)

ജില്ലാ കളക്ടർ,
പത്തനംതിട്ട.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM NO.4

[*See* Rule 11(3)]

## NOTIFICATION

No. C2.12566/16.

*25th February 2020.*

WHEREAS, the Government of Kerala have in Notification No. 649/2015/Rev. dated 9-12-2015 appointed the Special Tahsildar LA (General) Pathanamthitta to perform the functions of Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement Act, 2013;

AND WHEREAS, it appears to the Government of Kerala that the said land specified in the schedule below is needed or likely to be needed for a public purpose to wit for the construction of Autofees Kadavu Bridge, Nedumpram Village in Thiruvalla Taluk at Pathanamthitta District;

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below;

Now, THEREFORE, sanction is accorded to the District Level Social Impact Assessment Unit, Kerala Voluntary Health Services, Mullankuzhi, Collectorate P. O., Kottayam 686 002 to conduct a social Impact Assessment Study and to prepare a Social Impact Management Plan as provided in the Act, the process shall be completed within a period of One Month, not exceeding six months in any case.

SCHEDULE

*District*—Pathanamthitta.

*Taluk*—Thiruvalla. *Village*—Nedumpram.

(The extent given is an approximate)

| *Serial No.* | *Block No.* | *Re-Survey No.* | *Description* | *Total Extent* |
|---|---|---|---|---|
| 1 | 5 | 407/1, 407/2, 407/3, 407/6, 407/10, 404/13, 407/18, 408/3, 406/5, 445/1, 445/2, 445/3, 445/5, 445/8, 445/9, 445/10, 445/11, 445/12, 445/13, 445/14, 444/2, 444/3, 444/4, 444/7, 444/9, 444/10 | Dry Land | 23.76 Ares. |

(Sd.)

DISTRICT COLLECTOR,

*Pathanamthitta.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

Digitally signed by PRADEEP V S
Date:2020.03.05 09:56:20 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/